നം. എം. 5/18133/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 27.05.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com

# സർക്കുലർ

വിഷയം : പൊ.വി.വ.- സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി- ക്ലെയിം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ- സംബന്ധിച്ച്-

സൂചന : ജി.ഒ. (എം.എസ്.) നം: 163/2016/പൊ.വി.വ., തീയതി: 30.09.2016.

****************************

സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തുവാൻ സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ I-മുതൽ X-വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ മരണപ്പെട്ടാൽ 50,000 രൂപയും ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000 രൂപയും കുട്ടിയുടെ രക്ഷിതാവിന് ക്ലെയിം ആയി ലഭിക്കും. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിക്കുകയും, പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നതാണ്. സൂചന ഉത്തരവ് പ്രകാരമുള്ള ക്ലെയിമിന് 10.01.2013 മുതൽ പ്രാബല്യം ഉണ്ടായിരിക്കും. 10.01.2013 ന് മുമ്പുള്ള ക്ലെയിമുകൾ പഴയ നിരക്കിൽ തീർപ്പാക്കേണ്ടതാണ്.

ഓരോ റവന്യൂ ജില്ലയിലും കുടിശ്ശികയുള്ള ക്ലെയിമുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്. ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സ്കൂൾ ഹെഡ്മാസ്റ്റർമാർ, ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതും, ആവശ്യമായ പരിശോധന നടത്തിയ ശേഷം അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. ഹൈസ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ, ആവശ്യമായ പരിശോധന നടത്തിയ ശേഷം സ്കൂൾ ഹെഡ്മാസ്റ്റർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർ മുഖേനയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ മടക്കി നൽക്കേണ്ടതും ഹെഡ്മാസ്റ്റർ മുഖേന സമർപ്പിക്കുവാൻ നിർദ്ദേശിക്കേണ്ടതുമാണ്. ക്ലെയിം യഥാർത്ഥ അവകാശിക്കാണ് ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ റിപ്പോർട്ട് ബന്ധപ്പെട്ട

ഹെഡ്മാസ്റ്റർ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മരണ സർട്ടിഫിക്കറ്റ്, അവ കാശ സർട്ടിഫിക്കറ്റ് എന്നിവയും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

10.01.2013 മുതൽ കുട്ടികളുടെ മരണം സംഭവിച്ച അപേക്ഷകളിൻമേലുള്ള ക്ലെയിമുകൾക്ക് മുൻഗണന നല്കേണ്ടതാണ്. കുട്ടികളുടെ മരണം ഒഴികെയുള്ള ക്ലെയിമുകൾ, സർക്കാരിൽ നിന്നും കൂടുതൽ സ്പഷ്ടീകരണം ലഭിച്ച ശേഷം ഈ ഓഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രം അനുവദിച്ച് നൽകേണ്ടതാണ്. എല്ലാ അപേക്ഷകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ തീർപ്പാക്കേണ്ടതാണ്. പ്രത്യേക നിർദ്ദേശം ലഭിക്കാതെ ഒരു അപേക്ഷയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കോ സർക്കാരിലേക്കോ അയയ്ക്കുവാൻ പാടില്ല.

ഓരോ ജില്ലയിലും ആവശ്യമുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ഇതിനോടൊപ്പമുള്ള പ്രൊഫോർമയിൽ തയ്യാറാക്കി 15 - ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ 30 - ദിവസത്തിനകം നടപടി ക്രമങ്ങൾ പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് ക്ലെയിം അനുവദിച്ച് നൽകേണ്ടതാണ്.

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) / പൊതു വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) / സീനിയർ ഫൈനാൻസ് ഓഫീസർ / വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) - സി.എ. മുഖേന.
2. സ്റ്റോക്ക് ഫയൽ.

<u>പ്രൊഫോർമ</u>

**സർക്കുലർ നം : 18133/2017/ഡി.പി.ഐ., തീയതി: 27.05.2017.**

**റവന്യൂ ജില്ലയുടെ പേര് :**

| കുട്ടികളുടെ മരണം സംഭവിച്ച ക്ലെയിമുകൾ | | | | കുട്ടികളുടെ അപകടം സംഭവിച്ച ക്ലെയിമുകൾ | | | | രക്ഷിതാവ് മരിച്ച ക്ലെയിമുകൾ | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 10.01.2013 ന് മുൻപ് | | 10.01.2013 മുതൽ | | 10.01.2013 ന് മുൻപ് | | 10.01.2013 മുതൽ | | 10.01.2013 മുതൽ | | |
| എണ്ണം | ആവശ്യമായ തുക @ Rs. 10,000/- | എണ്ണം | ആവശ്യമായ തുക @ Rs. 50,000/- | എണ്ണം | ആവശ്യമായ തുക | എണ്ണം | ആവശ്യമായ തുക | എണ്ണം | ആവശ്യമായ തുക @ Rs. 50,000/- | |
| | | | | | | | | | | |

<u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ</u>

1. ബാങ്കിന്റെ പേര് :
2. ബ്രാഞ്ചിന്റെ പേര് :
3. അക്കൗണ്ട് നമ്പർ :
4. ഐ.എഫ്.എസ്.സി. കോഡ് :
5. ഇ - മെയിൽ, അഡ്രസ്സ് :
6. മൊബൈൽ നം :

സ്ഥലം:

പേര്:

തീയതി:

ഒപ്പ്: